LIBRARY ARCHIVES Kerala Legislative Assembly

വിജയഭേരി പദ്ധതി

11 (*742) ശ്രീ. ജി. പ്രതാപ വർമ്മ തമ്പാൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. എ. സുജനപാൽ :
പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ വിജയഭേരി പദ്ധതി ആരംഭിച്ചിട്ടുണ്ട് :

(ബി) പ്രസ്തുത പദ്ധതി ആരംഭിച്ച സ്കൂളുകളിൽ എസ്.എസ്.എൽ.സി.-ക്ക് വിജയശതമാനം വർദ്ധിച്ചിട്ടുണ്ടോ ;

(സി) കഴിഞ്ഞ വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഈ പദ്ധതിയിൽപ്പെട്ട സ്കൂളുകളിലെ ശരാശരി വിജയശതമാനം എത്രയായിരുന്നു ; ഈ വർഷം അതെത്രയാണ് എന്ന് വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) 281 സ്കൂളുകളിൽ

(ബി) ഉണ്ട്.

(സി) കഴിഞ്ഞ വർഷം - 56.7%

ഈ വർഷം - 62.7 %

എഞ്ചിനീയറിംഗ് പഠനത്തിന് ലാറ്ററൽ എൻട്രി

12 (*744) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എഞ്ചിനീയറിംഗ് പഠനത്തിന് ലാറ്ററൽ എൻട്രി നിലവിലുണ്ടോ :

(ബി) ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഇല്ലെങ്കിൽ ലാറ്ററൽ എൻട്രി വഴി അഡ്മിഷൻ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും, ആയത് എന്നത്തേക്ക് നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) 2003-2004 അദ്ധ്യായന വർഷം മുതൽ ലാറ്ററൽ എൻട്രി സ്കീം സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിൽ വന്നു.

(ബി) 60% മാർക്കോടെ ഡിപ്ലോമ പാസ്സായവരും ലാറ്ററൽ എൻട്രി പ്രവേശന പരീക്ഷയിലെ റാങ്കും മാനദണ്ഡമായി എടുത്താണ് പ്രവേശനം നൽകുന്നത്.

(സി) ബാധകമല്ല.

ഹയർ സെക്കന്ററി തലത്തിൽ കായിക വിദ്യാഭ്യാസം

13 (*745) ശ്രീ. എം. എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കന്ററി തലത്തിൽ കായിക വിദ്യാഭ്യാസ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് :

(ബി) ഹയർ സെക്കന്ററി തലത്തിൽ കായിക പരിശീലനം നൽകുന്നതിന് വേണ്ടി യോഗ്യതയുള്ള അധ്യാപകരെ നിയമിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ :

(സി) എങ്കിൽ ഹയർ സെക്കന്ററി സ്കൂൾ തലത്തിൽ എം.പി.ഇ./ എം.പി.എസ്. എന്നിവ അടിസ്ഥാനയോഗ്യതയായി നിശ്ചയിച്ച് അധ്യാപകരെ നിയമിക്കുന്നകാര്യം പരിഗണിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) ഹയർ സെക്കന്ററി വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ കായികമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനായി ഹയർ സെക്കന്ററി സ്പോർട്സ് ആന്റ് ഗെയിംസ് മത്സരങ്ങൾ നടത്തി വരുന്നുണ്ട്. മത്സര വിജയികൾക്ക് സർട്ടിഫിക്കറ്റുകളും ചാമ്പ്യൻഷിപ്പ് നേടുന്നവർക്ക് ആൺ കുട്ടികളുടെയും പെൺകുട്ടികളുടെയും വിഭാഗത്തിൽ പ്രത്യേകമായി ട്രോഫികളും നൽകുന്നുണ്ട്. കൂടാതെ മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റുകളും വിജയികൾക്ക് നിശ്ചിത ശതമാനം ഗ്രേഡ്മാർക്കും നൽകി വരുന്നു.

(ബി) ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിനായുള്ള നിയമന ചട്ടങ്ങൾ ഉൾക്കൊള്ളുന്ന സ്പെഷ്യൽ റൂൾസിൽ കായിക അധ്യാപക തസ്തിക ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ ഹയർ സെക്കന്ററി തലത്തിൽ കായിക അധ്യാപകരെ നിയമിക്കാൻ നിർവ്വാഹമില്ല. എന്നാൽ ഹൈസ്കൂൾ തലത്തിൽ നിയമിച്ചിട്ടുള്ള കായികാധ്യാപകർക്ക് പ്രതിമാസം 50 രൂപ സ്പെഷ്യൽ അലവൻസ് നൽകി ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് കൂടി പരിശീലനം നൽകി വരുന്നുണ്ട്.

(സി) വിഭാഗത്തിന് നൽകിയ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly